പ്രവർത്തിക്കുന്ന ചെയർമാൻ ഉണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട് അങ്ങനെ ഉണ്ടായില്ല? ഈ കാര്യങ്ങളെ സംബന്ധിച്ച് ഒരു വിശദീകരണം നൽകുമോ?

ശ്രീ. കെ. കരുണാകരൻ: സർ, പ്ലാനിംഗ് ബോർഡിന് സ്ഥിരമായി ചെയർമാൻ ഉണ്ട്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉദ്ദേശിച്ചത് വൈസ് ചെയർമാൻ ആണെങ്കിൽ ആ സ്ഥാനം ഇപ്പോഴും ഒഴിവുണ്ട്. പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതുവരെ വൈസ് ചെയർമാൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അനാരോഗ്യംമൂലം രാജി വച്ചിരിക്കുകയാണ്. ഒരു പുതിയ വൈസ് ചെയർമാൻ ഇല്ലാത്തതായ ബുദ്ധിമുട്ട് ഇന്ന് പ്ലാനിംഗ് ബോർഡിനില്ലാത്തതുകൊണ്ട് നിയമിച്ചിട്ടില്ല. എങ്കിലും വളരെ താമസിയാതെ അതിനു യോഗ്യനായ ഒരാളെ കണ്ടെത്തി നിയമിക്കുന്നതായിരിക്കും.

ശ്രീ. കാനം രാജേന്ദ്രൻ: സർ, അങ്ങ് ഇവിടെ പറഞ്ഞപ്പോൾ പ്ലാനിംഗ് ബോർഡിന് ഔദ്യോഗിക അംഗങ്ങളും അനൗദ്യോഗിക അംഗങ്ങളുമുണ്ടെന്നു പറഞ്ഞു. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ് നിർദ്ദേശത്തെ, 'മെമ്പർ, പ്ലാനിംഗ് ബോർഡ്' എന്ന പേരുവച്ച് പത്രത്തിൽ പരസ്യമായി ലേഖനമെഴുതി വിമർശിക്കുന്നത് ശരിയാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. കെ. കരുണാകരൻ: സർ, ഒരു അനൗദ്യോഗിക അംഗം ഈ കാര്യങ്ങളെക്കുറിച്ച് അഭിപ്രായം പറയുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല. ഔചിത്യം അതാത് ആളുകൾ തീരുമാനിക്കേണ്ടതാണ്.

രണ്ടായിരമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം

* 117. [119] ശ്രീ. കെ. മുഹമ്മദാലി:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, കെ. സി. ജോസഫ്:
,, കെ. കെ. ശ്രീനിവാസൻ:
,, പന്തളം സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം നേടാനായി എന്തെല്ലാം പരിപാടികളാണ് സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) ഏഴാം പദ്ധതിക്കാലത്ത് എത്ര ഗവൺമെന്റ് റൂറൽ ഡിസ്പെൻസറികൾ ഉയർത്തി പ്രൈമറി ഹെൽത്ത് സെന്ററുകളാക്കാനും പുതിയതായി എത്ര പി. എച്ച്. സെന്ററുകൾ ആരംഭിക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്;

(സി) പ്രൈമറി ഹെൽത്ത് സെന്ററുകളിൽ എന്തെല്ലാം സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ലോകാരോഗ്യ സംഘടന നിർദ്ദേശിച്ച ''രണ്ടായിരമാണ്ടിൽ എല്ലാവർക്കും ആരോഗ്യം'' എന്ന ലക്ഷ്യം പ്രാഥമികാരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly

പരിപാലനം (പൈമറി ഹെൽത്ത് കെയർ) കൊണ്ടുമാത്രമേ നേടാനാവൂ. ഈ ലക്ഷ്യം നേടാനായി താഴെപറയുന്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. ദേശീയ കുടുംബക്ഷേമപദ്ധതി
2. മാതൃ-ശിശു സംരക്ഷണവും (എം.സി.എച്ച്.) സാർവ്വത്രിക പ്രതിരോധ കുത്തിവെയ്പ്പും
3. ദേശീയ മലമ്പനി നിർമാർജ്ജനം
4. ദേശീയ കുഷ്ഠരോഗ നിർമാർജ്ജനം
5. ദേശീയ അന്ധതാ നിവാരണം
6. വിവിധോദ്ദേശ ആരോഗ്യപദ്ധതി
7. സാംക്രമിക രോഗങ്ങൾ പ്രതിരോധിക്കാനും നിർമാർജ്ജനം ചെയ്യാനുമുള്ള കുത്തിവെയ്പ്
8. പോഷകാഹാര പദ്ധതി
9. ആരോഗ്യ വിദ്യാഭ്യാസം
10. മെഡിക്കൽ കെയർ [ആശുപത്രികളും ചികിത്സാസൗകര്യങ്ങളും വിപുലമാക്കുക.]
11. റഫറൽ സിസ്റ്റം

(ബി) ഏഴാം പഞ്ചവൽസരപദ്ധതിക്കാലത്ത് സംസ്ഥാനത്തുള്ള 572 ഗവൺമെന്റ് ഡിസ്പെൻസറികളെ പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്താനും 200 പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങാനും ഉദ്ദേശിക്കുന്നുണ്ട്.

(സി) 1990 ആകുമ്പോഴേക്കും ഈ പരിപാടികൾ ഊർജിതപ്പെടുത്താൻ 5000 ജനസംഖ്യക്ക് ഒരു മെയിൽ ഹെൽത്ത് വർക്കറും ആദിവാസികേന്ദ്രങ്ങളിൽ 3000 ജനസംഖ്യക്ക് ഓരോ മെയിലും ഫീമെയിലും ഹെൽത്ത് വർക്കർമാരും ഉണ്ടാകും. ഇപ്പോൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർക്കുള്ള ക്വാർട്ടേഴ്സിനുപുറമേ മറ്റുള്ള പ്രവർത്തകർക്കും ക്വർട്ടേഴ്സ് നൽകാൻ ശ്രമിക്കുന്നുണ്ട്. ചികിൽസാസൗകര്യം മാത്രം കൈകാര്യം ചെയ്യുന്ന ആരോഗ്യ സ്ഥാപനങ്ങളായ ഗവൺമെന്റ് ഡിസ്പെൻസറി, ഗവൺമെന്റ് റൂറൽ ഡിസ്പെൻസറി എന്നിവയെകൂടി ഈ പരിപാടിയിൽ ഊർജിതപ്പെടുത്താനും ഇതിൽ ഭാഗഭാക്കുകളാക്കുന്നതാണ്.

(II) രേഖാ മൂലം നൽകുന്ന ഉത്തരങ്ങൾ

ഹോമിയോ കോളേജുകൾ

*118 [120] ശ്രീ. വി.സി. കബീർ:
,, എ. കെ. ശശീന്ദ്രൻ:
,, കെ. ശങ്കരനാരായണപിള്ള:
,, എ. സി ഷൺമുഖദാസ്:
,, പി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളത്തിൽ ഇപ്പോൾ ആകെ എത്ര ഹോമിയോ കോളേജുകൾ നിലവിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly